സർക്കുലർ

59/NSS/DHSE/2019 10 /05/2019

# 'വർഷ'ത്തിനായ് ..... ഒരുമയോടെ

**മഴക്കാല പൂർവ്വശുചീകരണവും മഴക്കുഴികളുടെ നിർമ്മാണവും**

തെക്കുപടിഞ്ഞാറൻ കാലവർഷം ജൂൺ മാസാരംഭത്തോടെ എത്തുകയാണല്ലോ. മഴക്കാലം നിരവധി പകർച്ചവ്യാധികളുടെയും പനിയുടെയും കാലം കൂടിയാണ്. നമ്മുടെ കേരളത്തിൽ ദേശീയ ശരാശരിയെക്കാൾ ഏതാണ്ട് മൂന്നിരട്ടി മഴ ലഭിക്കുന്ന പ്രദേശമാണ്. എന്നാൽ പെയ്തിറങ്ങുന്ന മഴവെള്ളത്തിന്റെ മുക്കാൽ പങ്കും ശരിയായി വിനിയോഗിക്കുന്നതിൽ നാം പരാജയപ്പെടുന്നു.

ഇതു സംബന്ധിച്ച ധാരണ നമ്മുടെ വിദ്യാർത്ഥികളിലെത്തുന്നത് അവരിൽ വലിയൊരളവു വരെ പാരിസ്ഥിതികാവബോധമുണ്ടാക്കും. ഹ്രസ്വവും എന്നാൽ ശക്തമായി മഴ ലഭിക്കുന്നതുമായ കേരളത്തിൽ മഴവെള്ളത്തെ മണ്ണിനടിയിലേക്ക് ഊർന്നിറങ്ങാൻ അനുവദിക്കേണ്ടിയിരിക്കുന്നു. ഇത് അപകടകരമാം വിധം താണുപോയ കേരളത്തിന്റെ ഭൂഗർഭ ജല സമ്പത്തിന്റെ അവസ്ഥയ്ക്ക് വലിയരീതിയിൽ മാറ്റം വരുത്താൻ കഴിയും. ഇതോടൊപ്പം വേനലവധിക്കാലത്ത് അടഞ്ഞുകിടന്ന വിദ്യാലയങ്ങളെയും , അവയുടെ പരിസരങ്ങളെയും പുതിയ വിദ്യാലയവർഷത്തേക്ക് സുസജ്ജമാക്കേണ്ടതുണ്ട്. ഇതിനായി ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം മെയ് മാസം 29 , 30 തീയതികളിലായി '***വർഷ***'**ത്തിനായി ...... ഒരുമയോടെ** എന്ന കാമ്പയിൻ സംഘടിപ്പിക്കുന്നു.

കാമ്പയിന്റെ ഒന്നാം ദിനം എൻ എസ് എസ് വോളന്റിയർമാർ പ്രദേശത്തെ ജനപ്രതിനിധികളെയും സന്നദ്ധപ്രവർത്തകരുടെയും സഹകരണത്തോടെ സ്വന്തം വിദ്യാലയ

ങ്ങളും ദത്തുഗ്രാമത്തിലെ വിദ്യാലയങ്ങളും ശുചീകരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്.

രണ്ടാം ദിവസം ഒരു വോളന്റിയർ കുറഞ്ഞത് 2 എന്ന ക്രമത്തിൽ മഴക്കുഴികൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്. സ്ഥലസൗകര്യത്തിനും മണ്ണിന്റെ ഘടനയ്ക്കും അനുസരിച്ച് പുരയിടങ്ങളിലും കൃഷി സ്ഥലങ്ങളിലും കുഴികൾ ഉണ്ടാക്കാം. ഒരു മഴക്കുഴിയുടെ വലുപ്പം ശരാശരി 1 മീറ്റർ നീളം , 60 cm വീതി 60 cm ആഴം ആകാവുന്നതാണ്. ഇത്തരത്തിൽ 1263 യൂണിറ്റുകളിൽ നിന്നും 75,780 വോളന്റിയർമാർ കുറഞ്ഞത് രണ്ടുവീതം മഴക്കുഴികൾ ഒരു ദിവസം നിർമ്മിക്കാൻ കഴിയും. ഇത്തരത്തിൽ ഈ വർഷകാലത്ത് വലിയൊരളവ് ജലം ഭൂമിക്ക് തിരികെ നൽകാൻ കഴിയും.

ദത്തുഗ്രാമത്തിലെ വീടുകളിലും **‘*വർഷ*’ത്തിനായി ഒരുമയോടെ** കാമ്പയിന്റെ പ്രചാരണം സംഘടിപ്പിച്ച് മഴക്കുഴി നിർമ്മിക്കൽ സന്ദേശം ഗ്രാമവാസികളിൽ എത്തിക്കേണ്ടതാണ്.

പാരിസ്ഥിതിക ദുർബലപ്രദേശങ്ങളിൽ മഴക്കുഴികൾ നിർമ്മിക്കുമ്പോൾ ജില്ലാ ഭരണകൂടത്തിന്റെ അനുമതി തേടേണ്ടതാണ്.

റീജിയണൽ ജില്ലാ ക്ലസ്റ്റർ തലത്തിൽ പ്രവർത്തനോദ്ഘാടനം ജനകീയമായി സംഘടിപ്പിക്കുകയും പ്രവർത്തനങ്ങളുടെ വാർത്തകളും ഫോട്ടോയും യൂണിറ്റ് തലം മുതൽ റീജിയണൽ തലം വരെ വെബ്സൈറ്റിലും , dhsensskerala@gmail.com എന്ന മെയിലിലും മെയ് 30 ന് നകം അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

ഒപ്പ്

ഡോ. ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ